"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട 'ചക്കാല' (Chakkala) എന്ന സമുദായപ്പേര് 'ചക്കാല, ചക്കാല നായർ' (Chakkala, Chakkala Nair) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.5/2023/BCDD തീയതി, തിരുവനന്തപുരം, 11-09-2023

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 26/10/2022 -ലെ റിപ്പോർട്ട്.

<u>ഉത്തരവ്</u>

'ചക്കാല നായർ ' (Chakkala Nair) സമുദായം 'ചക്കാല ' (Chakkala) ഉൾപ്പെടുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലെന്നും ഇനം നമ്പർ 1 0 ൽ 'ചക്കാല ' (Chakkala) എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും കൂടാതെ ചക്കാല നായർ (Chakkala Nair) എന്നത് ചക്കാല (Chakkala) വിഭാഗത്തിന്റെ ഭാഗമാണെന്നും അതിനാൽ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിലെ ഇനം നമ്പർ 10 ൽ ഉൾപ്പെടുത്തി ചക്കാല നായർ (Chakkala Nair) വിഭാഗത്തിനും സംവരണ ആനുകൂല്യം നൽകേണ്ടതാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ചക്കാല വിഭാഗവും ചക്കാല നായർ വിഭാഗവും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഒരു പോലെയാണെന്നും കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നു . ചക്കാല വിഭാഗം പിന്നാക്ക അവസ്ഥയിലായതിനാലാണ് മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടതെന്നും ഇതിനർത്ഥം ടി വിഭാഗത്തിന് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിന് അർഹതയുണ്ടെന്നുള്ളതാണ് . ചക്കാല വിഭാഗവും ചക്കാല നായർ വിഭാഗവും സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഒരുപോലെയാണെന്നതിനാൽ ചക്കാല നായർ (Chakkala Nair) വിഭാഗത്തിന് ചക്കാല (Chakkala) വിഭാഗത്തോടൊപ്പം മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുണ്ട്.

(2) എസ്.ഇ.ബി.സി. (SEBC) പട്ടികയിൽ ഉൾപ്പെട്ടതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ചക്കാല നായർ സമുദായ അംഗങ്ങൾക്ക് സംവരണം ലഭിക്കുന്നുവെങ്കിലും ചക്കാല നായർ വിഭാഗത്തെ പ്രത്യേകമായി മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താത്തത് കാരണം പബ്ലിക് സർവ്വീസ് നിയമനങ്ങൾക്ക് സംവരണം നിഷേധിക്കുകയാണെന്നും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ്

III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 10 ആയ 'ചക്കാല' (Chakkala) എന്നത് 'ചക്കാല (ചക്കാല നായർ)' Chakkala (Chakkala Nair) എന്നാക്കി മാറ്റം വരുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം പിന്നാക്ക വിഭാഗ കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിക്കുകയും 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 10 ആയ 'ചക്കാല' (Chakkala) എന്നത് 'ചക്കാല, ചക്കാല നായർ' (Chakkala, Chakkala Nair) എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി,കേരള നിയമസഭ. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (07.09.2023 -ലെ ഇനം നം.1722 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

സ.ഉ.(കൈ) നം.5/2023/BCDD

കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
സെക്ഷൻ ഓഫീസർ
Date: 11-09-2023 22:35:19

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. പട്ടികജാതി- പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

പിന്നാക്ക വിഭാഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്